# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 201 07/08/2017 - ൽ മറുപടിയ്ക്ക്**

**സൈക്കോ സോഷ്യൽ കൗൺസിലർമാർ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം.സ്വരാജ്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ പ്രവർത്തിക്കുന്ന സൈക്കോ സോഷ്യൽ കൗൺസിലർമാർക്ക് ഏതെല്ലാം അവധികൾ നിലവിൽ അനുവദിച്ച് വരുന്നുവെന്ന് അറിയിക്കുമോ ; | (എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ പ്രവർത്തിക്കുന്ന സൈക്കോ സോഷ്യൽ കൗൺസിലർമാർക്ക് നിലവിൽ 6 മാസത്തെ ശമ്പളരഹിത പ്രസവാവധിയും 15 ദിവസത്തെ ആകസ്മിക അവധിയും ആരോഗ്യപരമായ കാരണങ്ങളാൽ ഉള്ള 45 ദിവസത്തെ ശമ്പളരഹിത അവധിയും അനുവദിച്ചുവരുന്നു. |
| (ബി) കരാർ ജീവനക്കാർക്ക് നിയമാനുസൃതം അനുവദിക്കേണ്ട അവധികൾ ഏതെല്ലാം, അറിയിക്കുമോ;<br>(സി) അവധികൾ കരാർ ജീവനക്കാർക്കും അനുവദിക്കുന്നതിന് സമയബന്ധിതമായ നടപടികൾ സ്വീകരിക്കുമോ? | ഒരു വർഷത്തേക്കോ അതിൽ കുറവോ കാലത്തേക്ക് ആണ് കരാർ നിയമനമെങ്കിൽ കൃത്യ നിർവ്വഹണത്തിലായിരുന്ന ഓരോ പതിനൊന്ന് ദിവസത്തിനും ഒന്ന് എന്ന തോതിൽ മുഴുവൻ ശമ്പളത്തോടെ പരമാവധി അനുവദിക്കാവുന്ന ആർജ്ജിത അവധി 15 ദിവസം ആണ്. ഇതിന് മെഡിക്കൽ സർട്ടിഫിക്കറ്റ് നിർബന്ധം ആണ്. ആർജ്ജിത അവധി തീർന്നാൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പകുതി ശമ്പളനിരക്കിൽ പരമാവധി 15 ദിവസം വരെ അവധി അനുവദിക്കാം. എന്നാൽ ആകെ നിയമനക്കാലത്ത് രണ്ട് ഇനത്തിലും കൂടെ അനുവദിക്കാവുന്ന അവധി ഒരു മാസത്തിൽ കവിയാൻ പാടില്ല. കരാർ ജീവനക്കാർക്ക് നിയമാനുസൃതം അനുവദിക്കേണ്ട അവധികൾ അനുവദിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**